# SHANTHIVANI

## PUTTUR DIOCESAN BULLETIN

VOL. 9 OCTOBER, 2022 NO.10





# *Rosary & Mission Sunday*

*Remembering*

# ARCHBISHOP BENEDICT MAR GREGORIOS

*October 10*



*PATRON*

**Most Rev. Dr. Geevarghese Mar Makarios**

*CO-PATRON*

**Very Rev. Dr. Eldho Puthenkandathil**
(Vicar General)

*EDITOR*

**Rev. Fr. John Puthenkandathil**
Shanthibhavan
Catholic Bishop's House
Puttur - 574 201, Karnataka
Mob : +91 9448706368
Email : shanthivani2010@gmail.com

*EDITORIAL TEAM*

**Very Rev. Fr. John Nellivila**
**Rev. Fr. Thomas Punamadathil**
**Rev. Fr. Kurian Pulipra**
**Mr. Anish Mathew**
**Mr. Roy Thomas**
**Mr. Sajith K.J.**
**Mr. Yohannan O.M.**

*PRINTED & PUBLISHED BY*

**Rev. Fr. John Kunnathethu**
The Chancellor

*DESIGN BY*

**Mr. Mobin Santhosh John**

# TABLE OF CONTENTS


04 Voice of Patron

05 Pastoral Letters

18 Diocesan News

**Commission Updates**

18 Commission for Youth (MCYM)

19 Commission for Education

20 Commission for Bible

21 Birthdays, Feast & Ordi. day of Rev. Fathers

21 Important Days

# *Voice of our Patron*



Once again we are blessed with a number of Events and Feast Day Celebrations which not only take us back to the original life situations of the Saints and Events, but also enable us to imbibe the spirit and to commit ourselves more earnestly in the present. With a childlike simplicity and boundless love of God, St. Therese of the Child Jesus, popularly known as the Little Flower of Jesus, stands in front of us to usher each one of us with her Little Way, as a way of life in living out our day today life. May her heavenly intercession, be a source of inspiration and strength in our God – given task of proclaiming the Word to the world.

In St. Francis d'Assisi we discover a man who totally denied to himself and followed His Master literally after His example as we see in letter to the Philippians (2/7-8). The significance of poverty that was basic to Francis' Charism is not a mere external poverty but a total self-emptying like that of Jesus Himself. St. Francis remains a model in the social and ecclesial life of the Church. A great Saint of all the times St. Francis, not only the Heavenly Patron Saint of various Congregations and Apostolates of the Church, but remains always alter Christus to the core of his life.

October is a month dedicated to the Holy Rosary in hour of our Blessed Mother Mary. The twenty mysteries of the Rosary are virtually a summary of the liturgical year and at every moment of its recitation reminds us of the theological virtues of faith, hope and charity. As these mysteries unravel the acts of redemption, in every recitation of the Rosary these acts are made present in the concrete life situation of the believer as well as the Church. Let the whole month of October be a time of greater participation in praying the Rosary and to discern the will of God in our concrete life situations after the example of our Blessed Mother Mary.

October is yet another important month to live the word of God and commit ourselves to the Gospel. Proclaiming the word is a God-given task and therefore we are obliged to be at the service of the Word. As St. Paul tells us in Timothy, "the word of God is given by the inspiration of God, and is profitable for doctrine, for reproof, for correction, for instruction in righteousness that the man of God be complete, thoroughly equipped for every good work". (2 Tim 3/16-17). May God bless all!



**H. E. Most Rev Dr. Geevarghese Mar Makarios**

Metropoliton, Diocese of Puttur

**ദൈവകൃപയാലും കരുണയാലും**
**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**പുത്തൂർ ഭദ്രാസന ഇടയൻ ഗീവർഗ്ഗീസ് മാർ മക്കാറിയോസ്**
**മെത്രാപ്പോലീത്തായിൽ നിന്നും ഭദ്രാസനത്തിൻ കീഴിലുള്ള**
**കോർഎപ്പിസ്കോപ്പാച്ചനും ബഹു. വൈദികർക്കും**
**ശെമ്മാശഗണത്തിനും സന്യസ്തർക്കും**
**വിശ്വാസികളേവർക്കും വാഴ്വ്**

**സർക്കുലർ : 02/2022**

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

വന്ദ്യ കോർഎപ്പിസ്കോപ്പാച്ചാ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യുവജനങ്ങളെ, കുഞ്ഞുമക്കളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ അവളുടെ ചരിത്രയാത്രയിൽ നവതിയിൽ നിന്നും, ശതാബ്ദിയിലേക്ക് യാത്ര ചെയ്യുകയാണല്ലോ. ഈ ദശകം നമ്മുടെ സഭയെ സംബന്ധിച്ച് നവീകരണത്തിനും പുനർസമർപ്പണത്തിനുമുള്ള കാലയളവാണ്. ഈ തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാബാവ 2022 മാർച്ച് 14-ന് പ്രസിദ്ധീകരിച്ച സർക്കുലറിലൂടെ 2022 ഏപ്രിൽ മുതൽ 2023 മാർച്ചുവരെ ആത്മീയ ശാക്തീകരണവർഷമായി സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയുണ്ടായി.

ദൈവത്തിലേക്കുതിരിയുക, കർത്താവാണ് ബലം; സത്യവിശ്വാസത്തിൽ ആഴപ്പെട്ട് ദൈവവുമായും സത്പ്രവൃത്തികൾ ചെയ്ത് സഹോദരരുമായും ബന്ധപ്പെടുവാനും ഈ ശാക്തീകരണവർഷം ശ്രമിക്കുക എന്ന് സഭയെ ആഹ്വാനം ചെയ്തുകൊണ്ട് ഓരോ മാസവും പ്രത്യേക ആത്മീയ കർമ്മ പരിപാടികൾ ആവിഷ്

കരിച്ച് ഓരോ ഭദ്രാസനവും നവീകരണമാസമായി ആചരിക്കുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി.

ഈ ക്രമീകരണത്തിന്റെ പശ്ചാത്തലത്തിൽ 2022 നവംബർ മാസം പുത്തൂർ ഭദ്രാസനം ആത്മീയ ശാക്തീകരണമാസമായി ആചരിക്കുകയാണല്ലോ. നമ്മുടെ ഭദ്രാസനത്തിൽ ഇത് എപ്രകാരം ആചരിക്കാമെന്ന് ജൂൺ 29-ാം തീയതി പുത്തൂർ ശാന്തിഭവനിൽ കൂടിയ വൈദികരുടെ പൊതുസമ്മേളനത്തിൽ ചർച്ച ചെയ്യുകയുണ്ടായല്ലോ. അതിന്റെ വെളിച്ചത്തിൽ നമ്മുടെ ഭദ്രാസനത്തിൽ മൂന്നു വൈദികജില്ലകളിലും, ഇടവകകളിലും, സന്യാസഭവനങ്ങളിലും, കുടുംബങ്ങളിലും, വ്യക്തിജീവിതത്തിലും പ്രത്യേക കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടത്തി, നവംബർ അവസാനം ഭദ്രാസനതല സമാപന പരിപാടിയോടെ ആചരിക്കുവാനാണ് തീരുമാനമായത്. അതിനായി താഴെ കൊടുക്കുന്ന കർമ്മപരിപാടികൾ കഴിവതും വ്യത്യസ്ത തലങ്ങളിൽ നടപ്പിലാക്കുവാൻ ഞാൻ എല്ലാവരേയും ആഹ്വാനം ചെയ്യുന്നു.

## കർമ്മപരിപാടികൾ

### വ്യക്തിതലത്തിൽ

1. വ്യക്തിപരമായ പ്രാർത്ഥനയിലൂടെ ആത്മീയ ബലം പ്രാപിക്കുക.
2. വി. കുമ്പസാരം നടത്തി വി. കുർബ്ബാന സ്വീകരിക്കുക.
3. 51-ാം സങ്കീർത്തനം ഭക്തിയോടെ ചൊല്ലുക.
4. ദൈവവചനവായനയും, ധ്യാനവും നടത്തുക.
5. ജപമാലയും, കരുണകൊന്തയും പ്രത്യേകം നടത്തുക.

### കുടുംബതലത്തിൽ / സന്യാസമന്ദിരങ്ങളിൽ

1. സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ എല്ലാവരും പങ്കുചേരുക.
2. ആത്മീയ ശാക്തീകരണപ്രാർത്ഥന സന്ധ്യാപ്രാർത്ഥനയോട് ചേർത്ത് ചൊല്ലുക.
3. ഒരു വർഷമായി കൂദാശചെയ്യപ്പെടാത്ത ഭവനങ്ങൾ കൂദാശ ചെയ്യിക്കുക.
4. രോഗികളും, വൃദ്ധരുമായ കുടുംബാംഗങ്ങളെ പ്രത്യേകം പരിചരിക്കുക.

5. ജപമാല, കരുണകൊന്ത ഇവ കുടുംബമായി പ്രത്യേക നിയോഗത്തിൽ ചൊല്ലുക.
6. സാധിക്കുമെങ്കിൽ നവംബർമാസത്തിൽ അനുദിന വി. കുർബ്ബാനയിൽ പങ്കെടുക്കുക.

**ഇടവകതലത്തിൽ**

1. ബഹു. വൈദികർ വി. കുർബ്ബാനയിൽ പ്രസ്തുത നിയോഗം സമർപ്പിക്കുക.
2. നവീകരണ പ്രാർത്ഥന എല്ലാ വി. കുർബ്ബാനക്കുശേഷം ചൊല്ലുക.
3. വി. കുർബ്ബാനയുടെ ആരാധന / ആശീർവാദം നടത്തുക.
4. പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നവംബർ മാസ ഞായറാഴ്ചകളിൽ ചൊല്ലുക.
5. ജപമാല, കരുണകൊന്ത ഈ നിയോഗത്തിൽ ഇടവകതലത്തിൽ ചൊല്ലുക.
6. ഭവന കൂദാശകൾ നടത്തുക.
7. വികാരിയും, സിസ്റ്റേഴ്സും, കമ്മിറ്റിയംഗങ്ങളും സംഘമായി ഇടവകാഭവനങ്ങൾ സന്ദർശിക്കുക. ഇടവകയുമായി അകന്നു ജീവിക്കുന്ന കുടുംബങ്ങളെ പ്രത്യേകം ശ്രദ്ധിക്കുക.
8. ഇടവകയിലെ രോഗികളും, വൃദ്ധരുമായവർക്ക് ഭവനത്തിൽ വി. കുർബ്ബാന എത്തിച്ചുകൊടുക്കുക.
9. കാരുണ്യപ്രവൃത്തികൾ ചെയ്യുക.
10. വൃദ്ധസദനങ്ങളും, അഗതിമന്ദിരങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുകയും, പറ്റുന്ന സഹായങ്ങൾ നൽകുകയും ചെയ്യുക.
11. വാരാന്ത്യത്തിൽ പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുക.
12. അയൽബന്ധങ്ങൾ ശക്തീകരിക്കുക.
13. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി പ്രാർത്ഥിച്ചിരുന്ന ആത്മീയ ശാക്തീകരണപ്രാർത്ഥന (ദൈവമേ, ഞങ്ങൾ നിന്റേതാകുന്നു...) ഇടവകകളിൽ വി. കുർബ്ബാനക്കുശേഷം ചൊല്ലുക.

**മേഖലാതലത്തിൽ**

1. വൈദിക, സന്യസ്ത സമ്മേളനം നടത്തുകയും, ആത്മീയ നവീകരണത്തിനുതകുന്ന പരിപാടികൾ ഉൾപ്പെടുത്തുകയും ചെയ്യുക.

2. ആത്മീയ നവീകരണ വിഷയം മേഖല തലത്തിലുള്ള ഭക്തസംഘടനകൾ പഠനവിഷയമാക്കുക.
3. മേഖലതലത്തിൽ പ്രാർത്ഥനാദിനം സംഘടിപ്പിക്കുക.
4. മേഖലാതല കൂടിവരവുക്രമീകരിക്കുക.

## ഭദ്രാസനതലത്തിൽ

നവംബർ മാസാവസാനത്തോടെ രൂപതാദ്ധ്യക്ഷന്റെ പ്രധാന കാർമ്മികത്വത്തിൽ ഭദ്രാസനതലത്തിൽ വി. കുർബ്ബാനയർപ്പിച്ച്, ആത്മീയ ശാക്തീകരണവിഷയം സാംശീകരിച്ച് സ്നേഹഭോജനത്തോടെ മാസാചരണം സമാപിക്കുക.

മേൽപ്പറഞ്ഞ കർമ്മപരിപാടികളിൽ സാധിക്കുന്നിടത്തോളം വിവിധ തലങ്ങളിൽ നടത്തി ഈ നിയോഗത്തെ ജീവിത ബന്ധിയാക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. നമ്മുടെ ബഹു. വൈദികരും, സമർപ്പിതരും, ആത്മീയ സംഘടനാ നേതാക്കളും ഇതിന് നേതൃത്വവും, പ്രചോദനവും നൽകേണ്ടതാണ്. നല്ലവനായ ദൈവം നാമേവരെയും നമ്മുടെ ഭദ്രാസനത്തേയും സഭയേയും ദൈവീക വഴിയിൽ നയിക്കട്ടെ!

ആയത് ദൈവമാതാവായ പരി. കന്യകമറിയാമിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, നമ്മുടെ ഭദ്രാസനത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെയും സകല വിശുദ്ധരുടെയും, നമ്മുടെ പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്, കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



**✠ ഗീവർഗ്ഗീസ് മാർ മക്കാറിയോസ്**
**പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ**

18.10.2022
ശാന്തിഭവന, പുത്തൂർ.

---

N.B: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിലും, മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2022

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ,

**"ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു മാതൃകയായിരിക്കുക" (1 തിമോ 4:12).**

എല്ലാവർഷവും അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാളിനോടടുത്തുവരുന്ന ഞായറാഴ്ച, സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളിൽ നമ്മുടെ പ്രത്യേകമായ ശ്രദ്ധ നൽകാനായി നാം മാറ്റി വച്ചിരിക്കുന്നു. ഈ വർഷം ഒക്ടോബർ രണ്ടാണ് ഇപ്രകാരം യുവജനദിനമായി ആഘോഷിക്കുന്നത്. എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയോടു ചേർന്ന് ഉചിതമായ ആത്മീയ ശാക്തീകരണ പ്രവർത്തനങ്ങൾ ക്രമീകരിച്ചുകൊണ്ട് ഈ വർഷത്തെ യുവജനദിനം ആഘോഷിക്കേണ്ടതാണ്.

**യുവത : ക്രിസ്തുവിന്റെ പ്രേഷിത ശിഷ്യർ**

യൗവനം ജീവിതത്തിന്റെ വസന്തകാലമാണ്. യൗവനം എന്നത് ഒരു വ്യക്തിയുടെ ജീവിതത്തിലെ ചെറുപ്പകാലം അതായത്, ബാല്യത്തിന് ശേഷം പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള കാലഘട്ടമാണ്. "യുവാക്കളുടെ മഹത്വം അവരുടെ കരുത്താണ്; നരച്ചമുടി വൃദ്ധരുടെ അലങ്കാരവും" (സുഭാ 20:29). ജീവിതത്തോടുള്ള സ്വതസിദ്ധമായ ഒരു സജീവാത്മക നിലപാടാണ് യൗവ്വനത്തിന്റെ പ്രത്യേകത. ശാരീരിക ആരോഗ്യത്തിന്റെ ഉത്തുംഗ സ്ഥായിയിലുള്ള ഈ അവസ്ഥയിൽ ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാനും പുതിയ പാതകളിൽ ധീരതയോടെ കടന്നുചെല്ലാനും ഉള്ള ഒരു വിപദിധൈര്യം യൗവ്വന

ത്തിന്റെ മുഖമുദ്രയാണ് (Pope Francis, Young People, the Faith and Vocational Discernment no 77).

ആത്മബോധവും ഉന്നതമായ ധാർമികതയുമുള്ള ഒരു മനസാക്ഷി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി, ഒരാൾ തന്റെ മാനുഷിക വ്യക്തിത്വത്തെ (തന്റെയുള്ളിലെ 'ഞാൻ' എന്ന യഥാർഥ്യത്തെ) അതിന്റെ എല്ലാ പ്രത്യേകതകളോടും സവിശേഷതകളോടുംകൂടി ആഴത്തിൽ തിരിച്ചറിയുന്ന സമയമായാണ് യൗവനം മനസ്സിലാക്കപ്പെടുന്നത്. യുവാക്കൾ ആണ് സാർവത്രിക സഭയുടെ ഏറ്റവും അമൂല്യമായ വിഭാഗം.

തിരുസഭ യുവാക്കളെ അത്യധികം സ്നേഹിക്കുന്നു. ഈ പ്രത്യേക സ്നേഹത്തിന്റെ കാരണം വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ പ്രകടിപ്പിച്ചിട്ടുണ്ട്: 'നിങ്ങളുടെ യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല, നിങ്ങളുടെ സ്വകാര്യ സ്വത്തോ, ഒരു തലമുറയുടെ സ്വത്തോ അല്ല; മറിച്ച്, പ്രപഞ്ചം മുഴുവനുമുള്ള ഓരോ മനുഷ്യനും അവന്റെ ജീവിതയാത്രയിൽ ചരിക്കുന്ന ആ പ്രത്യേക തലത്തിന് അവകാശപ്പെട്ടതാണ്, അതേസമയം അത് ഓരോരുത്തർക്കും അവകാശപ്പെട്ട ഒരു പ്രത്യേക സമ്പത്തും ആണ്. അത് മാനവികതയുടെ തന്നെ സമ്പത്താണ് (Letter to the Youth of the world on the occasion of International Youth Year no 1).

ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ 'യുവത നമ്മുടെ 'നാളെ' (Tomorrow) അല്ല, 'ഇടക്കാലമല്ല' (the meantime), മറിച്ച് ദൈവത്തിന്റെ 'ഇപ്പോൾ' (Now) ആണ് (Pope Francis, Homily at the Closing Mass for the 34th World Youth Day in Panama, 2019). അതുകൊണ്ട് തന്നെ തിരുസഭയുടെ നിലനിൽപ്പിലും പ്രേഷിത ശുശ്രൂഷയിലും യുവാക്കൾക്ക് നിർണായകമായ സ്ഥാനമുണ്ട്. ലോകത്തിന്റെ സുസ്ഥിര വികസനത്തിൽ ക്രിയാത്മക സംഭാവന നൽകുവാൻ ഉത്സുകരായി, ആധുനിക സാങ്കേതികവിദ്യകൾ സൃഷ്ടിപരമായി ഉപയോഗിച്ചുകൊണ്ട് തങ്ങളുൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ സജീവമായി പങ്കുചേരുന്ന സന്നദ്ധ പൗരന്മാരാണ് യുവജനങ്ങൾ.

ദൈവം പലപ്പോഴും വലിയ കാര്യങ്ങൾ പ്രവർത്തിക്കുവാൻ തിരഞ്ഞെടുക്കുന്നത് യുവാക്കളെയാണ്. മോശ, ജോഷ്വ, സാമുവൽ, ജെറമിയ എന്നിവർ ഉൾപ്പെടെ മറ്റ് പലരും യൗവ്വനത്തിൽ തന്നെ ദൈവജനത്തെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഈ യുവനേതാക്കൾ സദാ അനുസരണയുള്ളവരും തങ്ങളെത്തന്നെ ദൈവമുമ്പാകെ വിശുദ്ധിയോടു കൂടി കാത്തുസൂക്ഷിച്ചവരുമാണ്.

ദൈവപുത്രനായ യേശുവും ഇതേപോലെ യുവാക്കളുടെ ഇടയിലുള്ള ഒരു യുവാവാണ്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ ഇങ്ങനെ പറയുന്നു, 'തന്റെ ശുശ്രൂഷാജീവിതം ആരംഭിക്കുന്ന കാലത്ത് യേശുവിന് ഏകദേശം 30 വയസ്സായിരുന്നു.' (ലൂക്കാ 3:23).

ലോകരക്ഷകനായ യേശുക്രിസ്തു തന്നെയും ഈ യുവത്വ ത്തിലൂടെ കടന്നു പോവുകയും അതിനെ തന്റെ സാന്നിധ്യത്താൽ മഹത്വീകരിക്കുകയും ചെയ്തു. തന്റെ ഇഹലോകവാസകാലത്ത് യേശു തന്റെ മാതാപിതാക്കളോട് അനുസരണയുള്ള പൈതലായിരുന്നു (ലൂക്കാ 2:51), അവൻ വളർന്നു ശക്തി പ്രാപിച്ചു. അവൻ ജ്ഞാനത്താൽ നിറഞ്ഞു, ദൈവകൃപയും അവന്റെമേൽ ഉണ്ടായിരുന്നു (ലൂക്കാ 2:40). അവൻ അവനെതന്നെ സജ്ജമാക്കി (ലൂക്കാ 4:1-13), അവൻ പ്രാർത്ഥിച്ചു (ലൂക്കാ 4:16; 6:12). അവനോടൊപ്പം വസിച്ച ശിഷ്യർ അവന്റെ വിശുദ്ധി അനുഭവിച്ചറിയുകയും 'ഞങ്ങൾ മിശിഹായെ കണ്ടെത്തിയിരിക്കുന്നു' എന്ന് പ്രഖ്യാപിക്കുകയും ചെയ്തു (യോഹ 1:41).

യേശുവിന്റെ ജീവിതവും പഠിപ്പിക്കലുകളും പ്രധാനമായും രണ്ട് വിശുദ്ധ തൂണുകളിൽ അധിഷ്ഠിതമായിരുന്നു. 1. ദൈവിക കൽപ്പനകളോടുള്ള അനുസരണം, 2. ജീവിത വിശുദ്ധി. അതിനാൽ യേശു ശിഷ്യരെ എപ്പോഴും ഓർമിപ്പിച്ചു, 'നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകൾ പാലിക്കും' (യോഹ 14:15). ഇത് അല്പം കൂടി വിശദമാക്കി പറയുന്നു, 'ദൈവത്തെ സ്നേഹിക്കുകയെന്നാൽ, അവിടുത്തെ കല്പനകൾ അനുസരിക്കുകയെന്ന് അർഥം.' (1 യോഹ 5:3)

യേശു തന്നെ ശിഷ്യന്മാരെ പഠിപ്പിച്ചു, 'അതുകൊണ്ട്, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ' (മത്താ 5:48 ). യേശു, പരിശുദ്ധി എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല, എങ്കിലും അവൻ സുവ്യക്തമായി തന്നെ ലേവ്യ പുസ്തക ഭാഷയാണ് ഉപയോഗിക്കുന്നത് - 'നിങ്ങൾ പരിശുദ്ധരായിരി ക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ് (ലേവ്യ 19:2). വിശുദ്ധ പത്രോസ് തന്റെ ആദ്യ ലേഖനത്തിൽ ഈ രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു. 'മുൻകാലത്തു നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങൾക്ക്, അനുസരണ യുള്ള മക്കളെന്നനിലയിൽ, നിങ്ങൾ വിധേയരാകാതിരിക്കുവിൻ. മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട്

നിങ്ങളും പരിശുദ്ധരായിരിക്കുവിൻ.' (1 പത്രോ 1:14-16) പൗലോസ് ശ്ലീഹ ഇത് മറ്റൊരു വിധത്തിൽ പറയുന്നു: 'നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്' (1 തെസ 4:3).

വിശുദ്ധിയാണ് സഭയുടെ ഏറ്റവും ആകർഷണീയമായ മുഖം. 'നമ്മുടെ വിശുദ്ധിയുടെ അളവ് ഉത്ഭവിക്കുന്നത് ക്രിസ്തു നമ്മിൽ സ്വന്തമാക്കുന്ന സ്ഥാനമനുസരിച്ചാണ്. അതായത്, പരിശുദ്ധാത്മ ശക്തിയാൽ ക്രിസ്തുവിന്റെ ജീവിതത്തിന് അനുരൂപമായി നമ്മുടെ ജീവിതം നാം രൂപപ്പെടുത്തുന്നു' (Gaudete Et Exsultate No 21).

യേശു യുവാക്കളെ ദൈവരാജ്യത്തിനായി വിശുദ്ധീകരിച്ചുകൊണ്ട് സദാ യുവാക്കൾക്ക് ഒരു മാതൃകയായി വർത്തിക്കുന്നു. സീറോ മലങ്കര കത്തോലിക്ക സഭ 'ക്രിസ്തു മാതൃകയിൽ'നിന്ന് ഈ വിശുദ്ധ തൂണുകളായ അനുസരണത്തെയും പരിശുദ്ധിയേയും സ്വായത്ത മാക്കുകയും മലങ്കര കത്തോലിക്ക യുവജനങ്ങളുടെ രൂപീകരണത്തിന്റെ അടിസ്ഥാന വിഷയമാക്കുകയും ചെയ്തിരിക്കുന്നു. ഈ വിഷയം മലങ്കര കത്തോലിക്ക യുവതയുടെ അടിസ്ഥാന രൂപീകരണത്തിന്റെ സത്ത എന്ന് വിളിക്കപ്പെടും. ഈ വിഷയത്തെ കേന്ദ്രീകരിച്ച് മാമോദിസ സ്വീകരിച്ച മലങ്കര കത്തോലിക്ക യുവത രൂപീകരിക്കപ്പെടുകയും യേശുക്രിസ്തുവിന്റെ വിശുദ്ധ ശിഷ്യന്മാരായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

**സാങ്കേതിക പരിസ്ഥിതി ഒരു വരമോ അതോ ശാപമോ**

ആഗോളവൽക്കരണം ലോകത്തെ ഒരു ആഗോള ഗ്രാമമായി മാറ്റിയിരിക്കുന്നു. വിവരസാങ്കേതിക വിദ്യയിലും ആശയവിനിമയത്തിലും ഗതാഗത സൗകര്യങ്ങളിലും ഉണ്ടായ വികസനത്തിന്റെ ഫലമാണ് ആഗോളവൽക്കരണം. തന്മൂലം, വ്യക്തികളും സ്ഥലങ്ങളും തമ്മിൽ വളരെ വേഗത്തിലും എളുപ്പത്തിലും സമ്പർക്കം പുലർത്താൻ സാധിക്കുന്നു. ആഗോളവൽക്കരണം ഒരു ഇരുതലവാളായതു കൊണ്ടു തന്നെ അതിന് സൃഷ്ടിപരമായതും എന്നാൽ അതേസമയം വിനാ ശകരവുമായ രണ്ട് മുഖങ്ങളുണ്ട്. ഗുണപരമായി, അത് വിഭജിക്കപ്പെട്ട മാനവികതയെ ഒന്നിപ്പിക്കുന്നു, ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നു, ലോകസമാധാനം ഉറപ്പിക്കുന്നു, ഒരു സാഹോദര്യ ലോകം സൃഷ്ടി ക്കുന്നു (Rom 8:18-23).

മറുവശത്ത്, അത് പണക്കാരനും ദരിദ്രനും തമ്മിലുള്ള വിടവ് വർധിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ആഗോളവത്കരണത്തിന്റെ ഏറ്റവും വിമർശിക്കപ്പെടുന്ന സവിശേഷത എന്നത് വൈവിധ്യങ്ങളെ അവഗണിച്ചു

കൊണ്ട് സാമ്പത്തിക, രാഷ്ട്രീയ, തത്വശാസ്ത്ര, സാംസ്കാരിക, മതപരമായ മേഖലകളെ ഒരേ പോലെ ഏകതാനതയിൽ (uniform) വീക്ഷിക്കുന്ന മനോഭാവമാണ്.

സാങ്കേതിക പരിസ്ഥിതി എന്നത് ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. ‘ജനറേഷൻ Z’ എന്ന് അറിയപ്പെടുന്ന നൂതന തലമുറ സാങ്കേതിക ലോകത്തിന്റെ പൗരന്മാരാണ്. സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ഒരു ജീവിതശൈലിയാണ് അവരുടേത്. അവർക്ക് വളരുന്നതിനും പരസ്പരം ബന്ധപ്പെടുന്നതിനും അനേകം സാധ്യതകൾ ഇന്ന് ലഭ്യമാണ്. നൂതന സാങ്കേതികവിദ്യ മനുഷ്യ അസ്തിത്വത്തിന്റെ നിർവചനം തന്നെ പാടെ മാറ്റിയിരിക്കുന്നു. ഇന്ന്, ഒരു യുവാവോ യുവതിയോ തന്റെ അസ്തിത്വത്തെ തിരിച്ചറിയുന്നത് താൻ വൈഫൈ അല്ലെങ്കിൽ ഇൻറർനെറ്റുമായി ബന്ധിക്കപ്പെടുമ്പോൾ മാത്രമാണ് . ഈ നല്ല വശങ്ങൾ ഉണ്ടായിരിക്കുമ്പോൾ തന്നെ അതിന്റെ ഇരുളടഞ്ഞ മറ്റൊരു വശം നാം മറന്നുകൂടാ.

യഥാർത്ഥ വ്യക്തിബന്ധങ്ങൾ സാവകാശം നഷ്ടപ്പെടുന്നു, നേരിട്ടുള്ള ബന്ധങ്ങൾ മുറിക്കപ്പെടുന്നു, സഹജീവികളുടെ പ്രയാസങ്ങൾ കാണാതെ പോകുന്നു, യഥാർത്ഥ ലോകത്തിൽ നിന്നകന്ന് ഒരു മായാ ലോകത്തിൽ മുങ്ങിപ്പോകുന്നു തുടങ്ങിയ ഇരുണ്ട യാഥാർത്ഥ്യങ്ങൾ നമുക്ക് നേരെ മറ്റെന്നത്തെയുക്കാളുമധികം തുറിച്ചുനോക്കുന്നു. വളരെയധികം സൂക്ഷിച്ചില്ലെങ്കിൽ ഈ കറുത്ത യാഥാർത്ഥ്യങ്ങൾ നമ്മുടെ യുവാക്കളുടെ ജീവിതത്തെയും മനോഭാവങ്ങളെയും അപ്പാടെ വിഴുങ്ങുന്ന കാലം വിദൂരമല്ല.

പുതിയ ആശയങ്ങളുടെ വരവും ധാർമിക മൂല്യച്യുതിയും ഒരു പുതു ലോകക്രമം തന്നെ സൃഷ്ടിക്കുന്നു. ഈ നൂതന ലോകക്രമത്തിന്റെ ചില സൂക്ഷ്മപ്രത്യേകതകളും അവയിൽ നിന്ന് രക്ഷപെട്ടു മുന്നോട്ട് യാത്ര ചെയ്യുന്നതിനും സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. Disorder - Discernment (ക്രമരാഹിത്യം - വിവേകം)
2. Conscience - Virtuous Conscience (മനസ്സാക്ഷി - സദ്ഗുണപൂർണ്ണമായ മനസ്സാക്ഷി)
3. Artificial Intelligence - Inspirational Intelligence (നിർമ്മിത ബുദ്ധി - പ്രചോദനാത്മകമായ ബുദ്ധി)

## 1. Disorder - Discernment (ക്രമരാഹിത്യം - വിവേകം)

ദൈവം സർവ്വവ്യാപിയാണ്. എന്നാൽ ഇന്നത്തെ ലോകത്തിൽ സർവ്വവ്യാപി എന്ന പദം അധികമായി ഉപയോഗിക്കുന്നത് ദൈവ ത്തേക്കാളുപരി തിന്മയെ കുറിക്കുന്നതിനാണ്. എന്തെന്നാൽ തിന്മ എല്ലായിടത്തും ഉണ്ട്. തിന്മ അതിനെത്തന്നെ നന്മയുടെ മുഖംമൂടി അണിയിച്ച് അലങ്കരിക്കുന്നതിനാൽ നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുക അനുദിനം ദുർഘടമായി വരികയാണ്. ആദിമാതാ പിതാക്കളുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടതുപോലെ തന്നെ തിന്മ ഇപ്പോഴത്തെ യുവാക്കളുടെ മുമ്പിലേക്കും വച്ചുനീട്ടപ്പെടുന്നു. അത് ആസ്വാദ്യവും, കണ്ണിനു കൗതുകകരവും, അറിവേകാൻ കഴിയുമെന്ന തിനാൽ അഭികാമ്യവും ആണെന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്യുന്നു (ഉല്പ 3:6)

ഈ പശ്ചാത്തലത്തിൽ വിവേകത്തിനു മാത്രമേ, നമ്മെ നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുവാൻ സഹായിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് സങ്കീർത്തകൻ ദൈവത്തോട് ഇങ്ങനെ പ്രാർത്ഥി ക്കുന്നത്: “ഞാൻ അങ്ങയുടെ ദാസനാണ്; എനിക്ക് അറിവു നല്കണ മേ! ഞാൻ അങ്ങനെ അങ്ങയുടെ കല്പന ഗ്രഹിക്കട്ടെ!” (സങ്കീ 119:125). ശാലോമോൻ രാജാവ് ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിക്കുന്നു: ‘ആകയാൽ, നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നല്കിയാലും’ (1 രാജാ 3:9). വിവേകം എന്നത് നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുവാനുള്ള കഴിവാണ്. പരിശുദ്ധ പൗലോസ് ശ്ലീഹാ ഇങ്ങനെ പറയുന്നു: എല്ലാം പരിശോധിച്ചുനോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ. (1 തെസ 5:21).

## 2. Conscience-Virtuous conscience (മനസ്സാക്ഷി- സദ്ഗുണ പൂർണ്ണമായ മനസ്സാക്ഷി)

അനുദിനം നാം എടുക്കുന്ന തീരുമാനങ്ങളുടെ ആകെത്തുകയാണ് നമ്മുടെ ജീവിതം. ഒരു ഉറച്ച മനസാക്ഷിയോട് കൂടി എടുക്കുന്ന ഒരു ശരിയായ തീരുമാനത്തിന് നമ്മുടെ വ്യക്തി ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും വലിയ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും. ശരിയായ മനസാക്ഷിയോട് കൂടിയ ഒരു ശരിയായ തീരുമാനത്തിന് നമ്മെ യഥാർത്ഥ വിജയത്തിന്റെയും സന്തോഷത്തിന്റെയും ഉത്തുംഗശൃംഗ ത്തിൽ എത്തിക്കുവാൻ സാധിക്കും.

മനസ്സാക്ഷിയുടെ നിതിശാസ്ത്രത്തിൽ നിന്ന് വ്യതിചലിച്ച് തിരഞ്ഞെടുപ്പിന്റെ നീതിശാസ്ത്രത്തിലേക്ക് മാറുവാനുള്ള പ്രവണത

യുവജനങ്ങളിൽ ഈ കാലഘട്ടത്തിൽ ശക്തിപ്പെട്ടു വരുന്നു. മനസാക്ഷി എന്നത് മനുഷ്യനെ ഏതു സാഹചര്യത്തിലും നന്മ ചെയ്യുവാൻ പ്രേരിപ്പിക്കുകയും എല്ലാവിധത്തിലും തിന്മയിൽനിന്ന് ഒഴിഞ്ഞിരിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്ന ആന്തരികശബ്ദമാണ്. അനന്തമായ സാഹചര്യങ്ങളുടെ വർദ്ധനവ് മൂലം നമ്മുടെ മനസ്സ് താൽക്കാലിക സുഖങ്ങൾ തേടുന്നതിന് വാഞ്ചിക്കുകയും നമ്മുടെ കാലുകൾ അവ തേടി ഓടാൻ വെമ്പുകയും ചെയ്യുന്നു. വേദഭാഷയിൽ അതിനെ 'വിനാശത്തിലേക്ക് നയിക്കുന്ന വിശാല വാതിൽ' (മത്താ 7:13) എന്ന് വിളിക്കുന്നു.

തിക്തഫലങ്ങൾ വിലയിരുത്താതെയുള്ള അവിവേകപരവും അനിയന്ത്രിതവുമായ തിരഞ്ഞെടുപ്പുകൾ വ്യക്തിജീവിതത്തെ മാത്രമല്ല കുടുംബങ്ങളെയും സമൂഹത്തെ മുഴുവനും തന്നെ ആപത്തിൽ ആഴ്ത്തുന്നു. എന്നാൽ ശരിയായ മനസാക്ഷിയോട് കൂടി എടുക്കുന്ന ശരിയായ തീരുമാനം ജീവനിലേക്ക് നയിക്കുന്ന ഇടുങ്ങിയ വാതിലിൽ കൂടി കടക്കുന്നതിന് സമാനമാണ്. ഇന്ന് അറിഞ്ഞോ അറിയാതെയോ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന ധനികനായ യുവാവിന്റെ ചോദ്യം നാം എല്ലാവരുടെയും മനസ്സിൽ പ്രതിധ്വനിക്കുന്നു – നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? (ലൂക്കാ 18 : 18). മിക്കപ്പോഴും ഈ ചോദ്യത്തിന്റെ ഉത്തരം ഇതാണ് – ഇനിയും നിനക്ക് ഒരു കുറവുണ്ട് (ലൂക്കാ 18 : 22). നല്ലത് തിരഞ്ഞെടുക്കുന്നതിൽ നാം പരാജയപ്പെടുന്നു എന്നതാണ് ആ കുറവ്.

ശരിയായ മനഃസാക്ഷി ഉപയോഗിച്ച് ശരിയായ തീരുമാനമെടുക്കുന്നത് വേദനാജനകമാണ്. കാരണം ആ തിരഞ്ഞെടുപ്പിൽ നാം നമ്മെ തന്നെ ദൈവഹിതത്തിന് സമർപ്പിക്കേണ്ടത് അനിവാര്യമാണ്.

നാം നമ്മെ തന്നെ ദൈവഹിതത്തിന് സമർപ്പിക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്നത് വിശുദ്ധ പത്രോസ് ശ്ലീഹയുടെ ജീവിതത്തിൽ നിന്നും വ്യക്തമാണ്. അവൻ തന്റെ കണ്ണുകളെ യേശുവിലേക്ക് ഉറപ്പിച്ചപ്പോൾ അവന്റെ ജീവിതത്തിൽ അസാധ്യമായതെല്ലാം സാധ്യമായി മാറി. തനിക്ക് വെള്ളത്തിന്റെ മീതെ നടക്കുവാൻ സാധിച്ചു. യേശുവിൽ നിന്ന് തന്റെ നോട്ടം മാറിയ ആ നിമിഷം തന്നെ അക്ഷരാർത്ഥത്തിൽ അവൻ ആഴിയുടെ അഗാധത്തിലേക്ക് മുങ്ങുവാൻ തുടങ്ങി. സദ്ഗുണ പൂർണമായ ക്രിസ്തീയ മനസ്സാക്ഷി ഇല്ലെങ്കിൽ അർത്ഥവത്തായ ഒരു ജീവിതം നയിക്കുക സാധ്യമല്ല എന്ന് ഓരോ യുവാവും യുവതിയും, വ്യക്തമായി തിരിച്ചറിയണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ

ശരീരം ദൈവത്തിന്റെ ആലയം ആണെങ്കിൽ നമ്മുടെ മനസ്സാക്ഷി അതിന്റെ അതിവിശുദ്ധ സ്ഥലമാണ്.

## 3. Artificial Intelligence - Inspirational Intelligence (നിർമ്മിത ബുദ്ധി – പ്രചോദനാത്മകമായ ബുദ്ധി)

നിർമ്മിത ബുദ്ധിയെക്കുറിച്ച് നമുക്ക് ഒരു ആമുഖം ആവശ്യമില്ല. എന്നാൽ പ്രചോദനാത്മകമായ ബുദ്ധിയെക്കുറിച്ച് നാം പഠിക്കേണ്ടത് ആവശ്യമാണ്. അത് ഒരു വ്യക്തിയുടെ പലവിധമായ കഴിവുകളുടെ അകത്തുകയാണ് – പ്രചോദിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, പൊരുത്തപ്പെടുക, പ്രതിരോധിക്കുക, ശുഭാപ്തി വിശ്വാസം നിലനിർത്തുക, ഭാവന സമ്പന്നമാക്കുക എന്നീ കഴിവുകൾ. ഇത് മനുഷ്യബുദ്ധിയുടെ ഏറ്റവും സ്വാധീനാത്മകതലവും മനുഷ്യന്റെ കഴിവുകളെ തുറക്കാനുള്ള താക്കോലുമാണ്. പ്രചോദനാത്മകമായ നേതാക്കന്മാർക്ക്, മറ്റുള്ളവരെ വലിയ നേട്ടങ്ങൾ കൊയ്യുന്നതിനും വലിയ ലക്ഷ്യങ്ങൾ നേടുന്നതിനും പ്രാപ്തരാക്കാൻ കഴിയും വിധം പ്രചോദിപ്പിക്കുവാൻ സാധിക്കും.

പ്രിയ സുഹൃത്തുക്കളെ, യേശുവിന്റെ ജീവിതവും ശുശ്രൂഷയമാണ് സത്യത്തിൽ എക്കാലവും നമ്മുടെ ഏറ്റവും ഉദാത്തമായ ഉദാഹരണവും പ്രചോദനവും. അത്രയും പ്രചോദനാത്മകമായ ബുദ്ധി ആർജിക്കുവാൻ യുവജനങ്ങൾ തങ്ങളെ തന്നെ വിശുദ്ധ വേദപുസ്തകത്തിൽ നിമഗ്നരാക്കേണ്ടതാണ്. ഇപ്പോഴും അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം പല യുവാക്കളെയും തങ്ങളുടെ ജീവിതത്തെ നിസ്വാർത്ഥ സേവനത്തിനായി വേർതിരിക്കുവാൻ ഇന്നും പ്രചോദിപ്പിക്കുന്നുണ്ട്. മദർ തെരേസയുടെ ജീവിതവും ജാതിമതഭേദമെന്ന അനേകം യുവതീ യുവാക്കളെ പ്രചോദിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ആയതിനാൽ ഈ ലോകത്തിൽ ഒരു സമാധാന ജീവിതം ഉണ്ടാകുവാൻ പ്രചോദനാത്മകമായ ബുദ്ധിയുള്ള ആൾക്കാർ ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ഈ വർഷത്തെ യുവജന ദിനം കൂടുതൽ അർത്ഥവത്തായി ഓരോ യൂണിറ്റിലും ആചരിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. സഭാതല യുവജനദിന പരിപാടി ഒക്ടോബർ 9-ന് പത്തനംതിട്ട രൂപതയിലെ ആനന്ദപ്പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച രൂപത ഓഫീസിലേക്ക് അടയ്ക്കണം എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ തുകയുടെ പകുതി ഭദ്രാസനത്തിലെ യുവജന പ്രേഷിത വേലകൾക്കായി ഉപയോഗിക്കുവാൻ ഉള്ളതാണ്. ബാക്കി പകുതി തുക മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയിലേക്ക് അയച്ചുതരുവാൻ ഭദ്രാസന ഫിനാൻസ് ഓഫീസറോട് അഭ്യർത്ഥിക്കുന്നു.

ഈ തുക സഭാതല യുവജന പ്രേഷിത കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാനുള്ളതാണ്. യുവജനങ്ങളെ സഹായിക്കുന്നവരെയും ഇത്തരുണത്തിൽ ഓർക്കുന്നു. യുവജനങ്ങളെ ഭാവി നേതാക്കന്മാരായി രൂപപ്പെടുത്തുക മാത്രമല്ല അവരെ കർത്താവായ യേശു ക്രിസ്തുവുമായുള്ള ബന്ധത്തിൽ വളരുവാൻ സഹായിക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്. യുവജനങ്ങളെ ക്രിസ്തുവിന്റെ പ്രേഷിത ശിഷ്യന്മാരായി രൂപപ്പെടുത്തുന്നതിന് നമുക്കൊരുമിച്ചു ചേർന്ന് പ്രവർത്തിക്കാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തിൽ അനുഗ്രഹം നേർന്നുകൊണ്ട്,

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ &
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

25-09-2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

*N.B: ഈ സർക്കുലർ ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# Diocesan News

- ***Teacher's day celebrations :***



Teacher Day was celebrated in parishes and institutions of the diocese on 5th September, 2022. The celebration in the parish level consisted of various cultural activities and felicitation of the Sunday School Teachers.

- ***Feast of the Nativity of Mary :***

The Feast of the Nativity of Mary was celebrated in all the parishes of the Diocese with a preparatory lent for eight days, intercessory prayers to Blessed Virgin and Holy Qurbono.

- ***92nd Reunion Day Celebration :***

Reunion Day was celebrated solemnly in all the parishes with Holy Qurbono and special programs. His Excelllency, Most Rev. Dr. Geevarghese Mar Makarios, Rev. Fathers and parishioners also participated in the Reunion day celebration hosted by the archdiocese of Thiruvalla.

- ***Logos Quiz competition: :***

Logos Quiz competition conducted on 25th September, 2022 in all the parishes of diocese and many parishioners representing Sunday School, MCYM, MCA, Suvishshasangam and Malnkara Catholic Mother's Forum attended the Logos Quiz competition.

- ***Financial Council :***



The Financial Council of the diocese was convened on 27th September 2022 in Shanthibhavana. The meeting discussed important financial matters and took decisions. All the members of the council were present.

# Commission for Youth (MCYM)

- ***Onam Bumper Draw :***



The much awaited Onam Bumper results were announced on 11th September, 2022 at St. Mary's MSC Church, Shivamogga during the MCYM Puttur diocesan Secretariat meeting. The MCYM Puttur diocesan Chairman,. His Excellency, Most Rev. Dr. Geevarghese Mar Makarios was present during the event.

- ***Mar Ivanios Quiz Competition - Diocesan Level :***



MCYM Puttur diocesan team organized a diocesan level quiz competition on 11th September, 2022 at St. Mary's MSC Church, Shivamogga. The competition was named 'Mar Ivanios quiz competition 2K22'. Mr. Shibu Mathew was the Quiz master. Five teams participated in the event in which St. John's SMCC, Singasandra, Bangalore Region bagged the first place. St. Joseph's SMCC, Mathikere, Bangalore Region and St. Joseph's SMCC, Josegiri, D.K Region secured the second and third places respectively.

- ***Congratulations to the Winners!***




Hearty congratulations to Aleena Thangam James, Joel Abraham and Reeba Susan Thomas who secured third place in the global Mar Ivanios Quiz competition held at Anandapally, Pathanamthitta representing our diocese.
Congratulations and best wishes!

- ***Congratulations!***



Mr. Vineeth, the parishioner of St. Mary's Malankara Catholic Church, Mangalore won the AIMA Award for National Conference of young Managers.
Congratulations and best wishes!

# *Commission for Education*

## *Mar Ivanios College of Education*

- ***Semester Examinations :***

The Student-teachers of I and III semester have appeared for the semester examinations which was held from 22nd August 2022 to 6th September 2022.

- ***Commencement of II and IV Semester Classes :***

Second and fourth semester classes began from 20th September 2022 and the student-teachers are preparing themselves for Block-Teaching and Internship.

- ***Awareness Programme :***

Social Awareness Programme was conducted on 22nd September 2022 in the College. The Sub-Inspector of Kadaba Police Station Mr. Anjaneya Reddy gave awareness about Drug Mafia, Cyber Crime, Women Empowerment and Women Harassment. And also he had encouraged the students to appear for Govt. competitive Exams in order to have better opportunity.





# *St. Thomas PU College, Byndoor*

- ***Teachers' Day Celebration :***



Teachers' day was celebrated on 5th September, 2022. Very Rev. Fr. John Nellivila, the principal presided over the ceremony. Very Rev. Fr. Rooble Ayiraveli, the principal of St. Thomas PU College, Rev. Sisters and teachers were present. The students arranged various games and cultural events honoring their teachers during the celebration.

- ***Taluk Level Kabaddi Tournament :***

The DPUE Karnataka in association with St. Thomas PU College, Byndoor organized a taluk level under 17 Kabaddi competitions on 12th September, 2022. Mr. Jayanand Hoblidar, the president of Amature Kabaddi Association, Byndoor inaugurated the event by lighting the lamp. The boys team from Junior College, Byndoor and the girls team from Kollur Mookambika PU College were the winners of the taluk level Kabaddi competition under 17 category.





# Commission for Bible

| | Rank | Name | House Name | Parish |
|---|---|---|---|---|
| A | I | Aljo Ajeesh | Nellivila | Noojibalthila |
| | II | Austin | Thalakkulath | Mangalore |
| | III | Deon P.S | Puthanpura | Mangalore |
| | III | Deyona Vinoj | Kalayil | Mangalore |
| B | I | Alisha Shibu | Naduviledath | Josegiri |
| | II | Jesteena P.S | Palanilkunnathil | Mangalore |
| | III | Dalas Vinoj | Kalayil | Mangalore |
| C | I | Jerin Koshy | Anegal | Ichilampady |
| | II | Sandesh Thomas | Alanga | Ichilampady |
| | III | Jeena Koshy | Anegal | Ichilampady |
| D | I | Jissy Saji | Vazhakkapara | Mathikere |
| | II | Jaicy Chackson | Kalayil | Carmelaram |
| | III | Lissy John | Thiruvanmoola | Josegiri |
| E | I | Mercy Sabu | Valliattu | Singasandra |
| | II | Susamma T. Thomas | Palamon Nivas | Carmelaram |
| | III | Sr. Anuranjana SIC | Bethany Convent | Nellyady Convent |
| F | I | Valsamma Thomas | Karikott | Singasandra |
| | II | Mary Immanuel | Choorakuzhy | Josegiri |
| | III | Annamma | Attupuram | Addahole |

# Wishes

### *Birthday Wishes!*

***October 2 :*** Rev. Fr. John Puthenkandathil
***October 31 :*** Very Rev. Fr. Kurian Pulipra
***November 15 :*** Rev. Fr. Thomas Kallolickal
***November 24 :*** Very Rev. Fr. John Kunnathethu
***November 25 :*** Rev. Fr. Thomas Neernakunnel

### *Festal Greetings!*

***October 10 :*** Very Rev. Fr. Kadakampallil Daniel
***October 18 :*** Rev. Fr. Thaniyil Lukose
***November 14 :*** Rev. Fr. Nellivila Philip

# Important Dates

| | |
|---|---|
| 1 Saturday | *St. Therese of Child Jesus* |
| 2 Sunday | *Guardian Angels* |
| | *The Syro-Malankara Catholic Youth Day* |
| 4 Tuesday | *St. Francis of Assisi* |
| 5 Wednesday | *St. Faustina* |
| 7 Friday | *Feast of the Holy Rosary* |
| | *Mar Sargis & Bachos* |
| 10 Monday | *Commemoration of Abp* |
| | *Benedict Mar Gregorios (1994)* |
| | *Prophet Daniel* |
| 11 Tuesday | *Mar Philipose Deacon* |
| | *Pope St. John XXIII* |
| 15 Saturday | *St. Therese of Avila* |
| 18 Tuesday | *St. Luke, the Evangelist* |
| 20 Thursday | *Prophet Joel* |
| 22 Saturday | *Mar Hilarion* |
| | *St. John Paul II* |
| 23 Sunday | *Mission Sunday* |
| | *St. James, the Apostle* |
| | *The Son of Alphaeus* |
| 28 Friday | *Erection of the Eparchy of Bathery (1978)* |

# Feast of St Francis of Assisi

*October 4*

